പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2241 — 08.07.2015-ൽ മറുപടിക്ക്

## സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>,, എം. പി. വിൻസെന്റ് :<br>,, എം. എ. വാഹിദ് :<br>,, ലൂഡി ലൂയിസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള നടപടി ക്രമം വിശദമാക്കുമോ ; ഒരു ഷോപ്പ് ലൈസൻസ് മാത്രമുണ്ടെങ്കിൽ ലാബുകൾ തുടങ്ങാമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ബി) സ്വകാര്യ ലാബുകൾ പരിശോധനകൾക്ക് തോന്നിയതുപോലെ നിരക്ക് ചുമത്തുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ; | (ബി) ഉണ്ട്. ഗവൺമെന്റിന്റെ പരിഗണനയിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ ലബോറട്ടറികളുടെ നിരക്കിനെ സംബന്ധിച്ച പരാതികൾ പരിഗണിക്കാൻ കഴിയുന്നതാണ്. |
| (സി) സർക്കാർ ലബോറട്ടറികളുടെ ശാക്തീകരണത്തിനായി സർക്കാർ അനലിസ്റ്റ് ലബോറട്ടറി, പബ്ലിക് ഹെൽത്ത് ലാബ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ; | (സി) ഹെൽത്ത് ലാബുകളുടെ ശാക്തീകരണത്തിന് വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനൂതന മെഷീനുകൾ ലഭ്യമാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം കൃത്യവും വേഗത്തിലും രോഗ നിർണ്ണയം സാധ്യമാക്കുകയും കൂടുതൽ ജനങ്ങളിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് ആദ്യമായി സർക്കാർ മേഖലയിൽ പി.സി.ആർ. ലാബ് തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ആരംഭിച്ചു. ഇതിനുപുറമേ നവജാത ശിശുക്കളിലെ ജനിതക വൈകല്യം തുടക്കത്തിലെ കണ്ടുപിടിച്ച് ചികിത്സിക്കുവാനുള്ള ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിനുള്ള |

(......2)

ടെസ്റ്റുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലുള്ള പബ്ലിക് ഹെൽത്ത് ലാബുകളിൽ ആരംഭിച്ചു. പബ്ലിക് ഹെൽത്ത് ലാബുകളുടെ ശാക്തീകരണം ശരിയായ ദിശയിൽ നടപ്പാക്കിയതിനാൽ ഉന്നത നിലവാരത്തിൽ എത്തിച്ചേരുകയും തിരുവനന്തപുരത്തെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷനും കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ലാബുകൾക്ക് ക്യൂ.സി.ഐ. അക്രഡിറ്റേഷനും ലഭിക്കുകയുണ്ടായി.

ഇതിനു പുറമേ വയനാട്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ ആരംഭിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു.

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ അനലിറ്റിക്കൽ ലാബും, പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും നിലവിലുള്ളതാണ്. ആയതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകൾ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ മരുന്ന് പരിശോധനാ ലാബുകൾ നിലവിലുണ്ട്. തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധന നടത്തുന്നതിന് പൊതുമേഖലാ ലാബുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ വിശദമാക്കുമോ ?

(ഡി) മേൽ ലാബുകളിൽ പരിശോധനയ്ക്ക് എത്തിച്ചേരുന്നവരിൽ നിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം ചാർജ്ജ് മാത്രമാണ് ഈടാക്കുന്നത്. മറ്റ് സ്വകാര്യ ലാബുകളുടെ ചാർജ്ജുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം തുച്ഛമായ സംഖ്യ മാത്രമാണ് ഈടാക്കുന്നത്. ഉദാഹരണമായി ഡെങ്കി, ലെപ്റ്റോ, വൈഡാൾ

തുടങ്ങിയ ടെസ്റ്റുകൾക്ക് സ്വകാര്യ മേഖല വലിയ ചാർജ്ജ് ഈടാക്കുമ്പോൾ സർക്കാർ ലാബുകളിൽ ബി.പി.എൽ ക്കാർക്ക് അത് സൗജന്യമാണ്. തൈറോയിഡ്, ഡി.എൻ.എ (പി.സി.ആർ) തുടങ്ങിയ ടെസ്റ്റുകൾ യഥാക്രമം 400, 2000 എന്നീ തുകകൾക്ക് മേൽ സ്വകാര്യ ലാബുകൾ ഈടാക്കുമ്പോൾ സർക്കാർ തലത്തിൽ 150, 850 എന്നീ ചാർജ്ജുകൾ മാത്രമാണ് എ.പി.എൽ. ക്കാരിൽ നിന്നും ഈടാക്കുന്നത്.

കൂടാതെ ബി.പി.എൽ, അനാഥർ, അഗതി മന്ദിരത്തിൽ നിന്ന് വരുന്നവർ, മാനസിക രോഗികൾ തുടങ്ങി സർക്കാർ തീരുമാനത്തിന് വിധേയമായി അർഹരായ എല്ലാവർക്കും തികച്ചും സൗജന്യമായി മേൽ വിവരിച്ച ചിലവേറിയ ടെസ്റ്റുകൾ ഉൾപ്പെടെ എല്ലാ രോഗനിർണ്ണയങ്ങളും നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ